1) **<u>30.08.2019 വെള്ളിയാഴ്ച 10.30 എ.എം.-ന് ബഹു: ജിസിഡിഎ ചെയർമാൻ അഡ്വ.വി. സലീം അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ 510-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ നടപടികൾ.</u>**

**<u>ഹാജർ</u>**

1) അഡ്വ. വി.സലീം, ചെയർമാൻ, ജിസിഡിഎ.
2) ശ്രീ. എം. സ്വരാജ്, ബഹു. എം.എൽ.എ.
3) ശ്രീ. സുരേഷ്കുമാർ എ., എക്സിക്യൂട്ടീവ് എഞ്ചിനീയർ, റോഡ് & ബ്രിഡ്ജസ്
4) ശ്രീമതി. ഉഷാകുമാരി പി.ആർ., സെക്രട്ടറി, ജിസിഡിഎ.

**<u>1. തീരുമാനം നമ്പർ 84/2019-20</u>**

*29.07.2019 ൽ കൂടിയ 509-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ.*

29.07.2019-ൽ കൂടിയ 509-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ വായിച്ച് അംഗീകരിച്ചു.

**<u>2. തീരുമാനം നമ്പർ 85/2019-20</u>**

*29.06.2019-ൽ കൂടിയ 508-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനങ്ങളുടെ തുടർ നടപടിക്കുറിപ്പ്.*

29.06.2019-ൽ കൂടിയ 508-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനങ്ങളുടെ തുടർ നടപടികുറിപ്പ് വായിച്ച് റെക്കോഡ് ചെയ്തു.

**<u>3. തീരുമാനം നമ്പർ 86/2019-20</u>**

*ജി.സി.ഡി.എ. - ആസൂത്രണ വിഭാഗം - എം.കെ. രാഘവൻ വക്കീലിന്റെ പ്രതിമ മട്ടാഞ്ചേരി പാലത്തിൽ സ്ഥാപിച്ചത് - ഫയൽ നമ്പർ സഹിതമുള്ള ഉത്തരവിന്റെ പകർപ്പ് ആവശ്യപ്പെട്ട് എം.കെ. രാഘവൻ വക്കീൽ സ്മാരക ഫൗ□ ഷനിൽ നിന്നുള്ള കത്ത് - സംബന്ധിച്ച്.*
*(6201/പി.എൽ.1/2017/ജിസിഡിഎ)*

എം.കെ. രാഘവൻ വക്കീലിന്റെ പ്രതിമ മട്ടാഞ്ചേരി പാലത്തിൽ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് എം.കെ. രാഘവൻ വക്കീൽ സ്മാരക ഫൗ□ ഷന് രേഖാമൂലമുള്ള അനുമതി നൽകുന്നതിന് തീരുമാനിച്ചു.

**<u>4. തീരുമാനം നമ്പർ 87/2019-20</u>**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - മറൈൻ ഡ്രൈവ് ഷോപ്പിംഗ് കോംപ്ലക്സിലെ പ്രധാന കവാടം മോടി പിടിപ്പിക്കുന്നതിനും പരസ്യ ബോർഡ് സ്ഥാപിക്കുന്നതിനും മെ. എ.എൻ. എന്റർപ്രൈസസ് നൽകിയ അപേക്ഷയ്ക്ക് അനുമതി നൽകിയത് - സാധൂകരണം - സംബന്ധിച്ച്.*
*(6677/ഇ.3/2017/ജിസിഡിഎ)*

അജ□ കുറിപ്പിൽ വിവരിച്ചത് പ്രകാരം മറൈൻ ഡ്രൈവ് ഷോപ്പിംഗ് കോംപ്ലക്സിലെ പ്രധാന കവാടം മോടിപിടിപ്പിക്കുന്നതിന് അനുമതി നൽകിയ നടപടിയും വ്യവസ്ഥകൾ ഉൾപ്പെടുത്തി മെ. എ.എൻ. എന്റർപ്രൈസസിന്റെ ബോർഡ് വയ്ക്കുവാൻ അനുമതി നൽകിയ നടപടിയും സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**5. തീരുമാനം നമ്പർ 88/2019-20**

*ജിസിഡിഎ - റവന്യു I വിഭാഗം - കെ.എസ്.ആർ.ടി സിക്ക് സമീപമുള്ള ബങ്കുകൾ പിഴപലിശ ഇളവ് ചെയ്ത് നൽകുന്നത് - സംബന്ധിച്ച്.*
*(നം. 5718/സി 16/2011/ജിസിഡിഎ)*

കെ.എസ്.ആർ.ടി.സി.യ്ക്ക് സമീപമുള്ള ബങ്ക് ബസ്സാറിലെ ബങ്കുകളിൽ ബങ്ക് നമ്പർ 33, 43, 53 എന്നീ ബങ്കുകളുടെ പിഴപലിശ ഇളവ് ചെയ്ത് വാടക കുടിശ്ശിക ഒറ്റത്തവണയായി ഈടാക്കിയ നടപടി സാധൂകരിക്കുന്നതിനും തുടർന്നും കെ.എസ്.ആർ.സി.യ്ക്ക് സമീപമുള്ള ബങ്കുകളിൽ ഒറ്റത്തവണയായി ബാദ്ധ്യതകൾ തീർക്കുന്നവർക്ക് പിഴപലിശ ഇളവ് ചെയ്ത് കൊടുക്കുന്നതിനും തീരുമാനിച്ചു.

**6. തീരുമാനം നമ്പർ 89/2019-20**

*ജിസിഡിഎ - ധനകാര്യ വിഭാഗം - ദിവസ വേതന/കരാർ അടിസ്ഥാനത്തിൽ ജോലി നോക്കുന്ന ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നത് - സംബന്ധിച്ച്. (നം. 3452/എഫ് ഡി.3/2012/ജിസിഡിഎ)*

വിഷയം മാറ്റി വയ്ക്കുന്നതിന് തീരുമാനിച്ചു.

**7. തീരുമാനം നമ്പർ 90/2019-20**

*ജിസിഡിഎ - എസ്റ്റേറ്റ് വിഭാഗം - സിഎംഡിഎസ് കടമുറി എസ്-72, മണപ്പാട്ടിപ്പറമ്പ് ഷോപ്പിംഗ് കോംപ്ലക്സ് കടമുറി എ-2, ഗാന്ധി നഗർ ഷോപ്പിംഗ് കോംപ്ലക്സ് ഓപ്പൺസ്പേസ് എന്നിവയുടെ 27/06/2019 തീയതിയിൽ നടന്ന ടെ□ റിൽ ഒന്നാം ബിഡർ ആയവർക്ക് അനുവദിച്ച് നൽകിയ നടപടി സാധൂകരണം - സംബന്ധിച്ച്.*
*(നം. 4446/എസ്റ്റേറ്റ്/ബി.4/2019/ ജി.സി.ഡി.എ.)*

അതോറിറ്റിയുടെ വിവിധ വാണിജ്യ സമുച്ചയങ്ങളിലെ കടമുറികൾ വാടകയ്ക്ക് നൽകുന്നതിനായി 27.06.2019 തീയതിയിൽ നടന്ന ടെ□ റിൽ കൂടുതൽ തുക വാഗ്ദാനം ചെയ്തവർക്ക് താഴെ പറയും പ്രകാരം അനുവദിച്ച് നൽകിയ നടപടി സാധൂകരിച്ചു.

1) ശ്രീമതി. സിൻസി, കലൂർ മണപ്പാട്ടിപ്പറമ്പ് കടമുറി എ-2.
2) മെ. ആഷ്ടെൽ മൊബൈൽസ് പ്രൈവറ്റ് ലിമിറ്റഡ് - മറൈൻ ഡ്രൈവ് ഷോപ്പിംഗ് കോംപ്ലക്സ് കടമുറി എസ്-72.
3) ശ്രീ. പുളിയനത്ത് വേലായുധൻ നായർ വിജയകുമാർ - ഗാന്ധിനഗർ ഷോപ്പിംഗ് കോംപ്ലക്സ് - ഓപ്പൺ സ്പേസ്.

**8. തീരുമാനം നമ്പർ 91/2019-20**

*ജി.സി.ഡി.എ. - റവന്യൂ.സി.സി. വിഭാഗം - എൽ.ഐ.ജി.-141 - കലൂർ ഭവന പദ്ധതി - എൻ.ഒ.സി. അനുവദിക്കുന്നത് - സംബന്ധിച്ച്. (C-11/Rev.CC/LIG-141/GCDA)*

ശ്രീ. എബ്രഹാം ടി കോരുത്, ശ്രീ. എബ്രഹാം കൊച്ചീപ്പൻ എന്നിവരുടെ പേരിൽ അനുവദിച്ചിട്ടുള്ള അതോറിറ്റിയിലെ കലൂർ ഭവന പദ്ധതിയിൽപ്പെട്ട എൽ.ഐ.ജി.–141 നമ്പർ വീട് വിൽക്കുന്നതിന് ടിയാരുടെ അപേക്ഷ പ്രകാരം NOC നൽകുന്നതിന് തീരുമാനിച്ചു.

**9. തീരുമാനം നമ്പർ 92/2019–20**

*ജി.സി.ഡി.എ. – ലീഗൽ വിഭാഗം – ശ്രീ. കെ.എൻ.ഫജർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി 36503/15 നമ്പർ കേസിൽ സീനിയർ വക്കീലായ ശ്രീ. എസ്.ശ്രീകുമാറിനെ ചുമതലപ്പെടുത്തിയ നടപടി സാധൂകരിക്കുന്നത് – സംബന്ധിച്ച്.*
*(7448/L.O./15/GCDA)*

ജിസിഡിഎയുടെ കലൂർ ജെ.എൻ.ഐ. സ്റ്റേഡിയത്തിൽ ഗോഡൗൺ സ്പേസുകളിൽ വാടക കുടിശ്ശിക വരുത്തിയതിൻമേലുള്ള നടപടി ഒഴിവാക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ശ്രീ. കെ.എന. ഫജർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ 80 ലക്ഷത്തിലധികം തുക കുടിശ്ശികയിനത്തിൽ അതോറിറ്റിയ്ക്ക് ലഭിക്കേണ്ടതിനാലും അതോറിറ്റിയുടെ ഉത്തമ താൽപ്പര്യം സംരക്ഷിക്കേണ്ടതിനാലും പാനലിന് പുറമെ നിന്നുള്ള മുതിർന്ന അഭിഭാഷകനായ ശ്രീ. എസ്. ശ്രീകുമാറിനെ ടി കേസ് ചുമതലപ്പെടുത്തിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**10. തീരുമാനം നമ്പർ 93/2019–20**

*ജി.സി.ഡി.എ. – എസ്റ്റേറ്റ് വിഭാഗം – മറൈൻ ഡ്രൈവ് മെ. പയനിയർ ഷോപ്പിംഗ് കോംപ്ലക്സ് – ഫ്ളാറ്റ് അലോട്ടികൾക്ക് വസ്തു നികുതി അടവാക്കുന്നതിന് അതോറിറ്റി ഫീസ് ഈടാക്കി എൻ.ഒ.സി. അനുവദിക്കുന്നത് – സംബന്ധിച്ച്.*
*(8017/Estate/B.2/06/GCDA)*

അതോറിറ്റി വക മറൈൻ ഡ്രൈവിലെ മെ. പയനിയർ ഷോപ്പിംഗ് കോംപ്ലക്സിന് 99 വർഷത്തേയ്ക്ക് ലീസിന് നൽകിയിട്ടുള്ള സ്ഥലത്ത് ടി കമ്പനി നിർമ്മിച്ച് നൽകിയിട്ടുള്ള ഫ്ളാറ്റുകളിലെ ഫ്ളാറ്റ് നമ്പർ 701, 503, 405–406 എന്നിവയുടെ അലോട്ടികൾക്ക് പൊസെഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനായി 7,500/– രൂപ ഫീസ് ഈടാക്കി NOC നൽകിയ നടപടി സാധൂകരിക്കുന്നതിനും മറൈൻ ഡ്രൈവിൽ അതോറിറ്റി 99 വർഷത്തേയ്ക്ക് ലീസിന് നൽകിയിട്ടുള്ള സ്ഥലത്തെ ഫ്ളാറ്റുകൾക്ക് ആയതിന്റെ പ്രോപ്പർട്ടി ടാക്സ് അലോട്ടിയുടെ പേരിൽ അടവാക്കുന്നതിനുള്ള NOC നൽകുന്നതിന് 5,000/– രൂപ ഫീസ് നിശ്ചയിക്കുന്നതിനും തീരുമാനിച്ചു.

**11. തീരുമാനം നമ്പർ 94/2019–20**

*ജി.സി.ഡി.എ. – എസ്റ്റേറ്റ് വിഭാഗം – മറൈൻ ഡ്രൈവ് ഹെലിപാഡ് മൈതാനം – പൊതുപരിപാടി നടത്തുന്നതിന് ഡി.വൈ.എഫ്.ഐ. എറണാകുളം ഡിസ്ട്രിക്റ്റ് കമ്മിറ്റിക്ക് അനുവദിച്ചു നൽകിയത് – പരിപാടി ക്യാൻസൽ ചെയ്തതിനാൽ – അടവാക്കിയ തുക തിരികെ നൽകുന്നത് – സംബന്ധിച്ച്.*
*(5128/Estate/A.3/19/GCDA)*

15.08.2019–ൽ ഡി.വൈ.എഫ്.ഐ. സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ജില്ല കേന്ദ്രീകരിച്ച് നടത്തുന്ന റാലിയും പൊതുസമ്മേളനവും നടത്തുന്നതിന് മറൈൻ ഡ്രൈവ്

ഹെലിപാഡ് മൈതാനം അനുവദിച്ചു നൽകിയെങ്കിലും പെട്ടെന്നു□ായ പ്രളയത്തെ തുടർന്നാണ് പരിപാടി ക്യാൻസൽ ചെയ്തത് എന്ന സാഹചര്യം പരിഗണിച്ച് വാടക തുക തിരികെ നൽകുന്നതിന് തീരുമാനിച്ചു.

**12. തീരുമാനം നമ്പർ 95/2019-20**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം - ഇലക്ട്രിക്കൽ പാനൽ ഒരു വർഷത്തേക്ക് കൂടി നീട്ടി നൽകിയ നടപടി സാധൂകരിക്കുന്നത് - സംബന്ധിച്ച്.*
*(നം.8082/ഇ1/17/ജിസിഡിഎ)*

ജിസിഡിഎയുടെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, ചെക്ക് മെഷർമെന്റ്, സാങ്കേതികാനുമതി നൽകൽ തുടങ്ങിയ പ്രവർത്തികൾക്കായി രൂപീകരിച്ച ഇലക്ട്രിക്കൽ പാനലിന്റെ കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി നീട്ടി നൽകിയ നടപടി സാധൂകരിക്കുന്നതിനും കരാറിൽ ഏർപ്പെട്ട വ്യക്തിക്ക് പ്രവൃത്തിയുടെ എസ്റ്റിമേറ്റിന്റെ 2% കവിയാത്ത തുക പ്രതിഫലമായി നിശ്ചയിച്ചുകൊ□ും മറ്റ് പാനൽ അംഗങ്ങൾക്ക് എസ്റ്റിമേറ്റ് തുകയുടെ 1% തുക ഓണറേറിയം പ്രതിഫലമായി നിശ്ചയിച്ച നടപടിയും സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**13. തീരുമാനം നമ്പർ 96/2019-20**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം - അതോറിറ്റിയുടെ വിവിധ പദ്ധതി പ്രദേശങ്ങളിൽ സെക്യൂരിറ്റി സേവനം ചെയ്യുന്നത് - കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഏജൻസിക്ക് വർക്ക് ഓർഡർ നൽകുവാൻ തീരുമാനിച്ചത് - സാധൂകരണം - സംബന്ധിച്ച്.*
*(നം.ഇ3/3939/19/ജിസിഡിഎ)*

അതോറിറ്റി വക വിവിധ പദ്ധതി പ്രദേശങ്ങളിൽ സെക്യൂരിറ്റി സേവനം ചെയ്യുന്നതിനായി നടത്തിയ ടെ□റിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഏജൻസിയായ മെ. റാവൻ ബെക്കിന് ടെ□ർ ഉറപ്പിച്ച് വർക്ക് ഓർഡർ നൽകുവാൻ തീരുമാനിച്ച നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**അജ□യ്ക്ക് പുറത്തുള്ള ഇനം**

**14. തീരുമാനം നമ്പർ 97/2019-20**

*ജിസിഡിഎ - റവന്യൂ വിഭാഗം - റവന്യൂ റിക്കവറി സംബന്ധിച്ച് കൊച്ചി താലൂക്കിൽ വച്ച് നടത്തുന്ന അദാലത്ത് - സംബന്ധിച്ച്.*
*(3749/സി.7/റവന്യൂ/ആർ.ആർ.ഓൺലൈൻ/ജിസിഡിഎ)*

കൊച്ചി താലൂക്കിൽ വച്ച് 2019 ഒക്ടോബർ മാസത്തിൽ നടത്തുന്ന ആർ.ആർ. അദാലത്തിൽ ജിസിഡിഎയുടെ ആർ.ആർ. അർത്ഥനകളിൽ പിഴപലിശ ഒഴിവാക്കി ഒറ്റത്തവണയായി തീർപ്പാക്കുന്നതിന് തീരുമാനിച്ചു.

യോഗം 11.30 എ.എം.-ന് അവസാനിച്ചു.

(ഒപ്പ്)
ചെയർമാൻ
വിശാല കൊച്ചി വികസന അതോറിറ്റി